**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1983** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ നിശ്ചിതഭൂമി സാങ്കേതിക സർവകലാശാലാ ആസ്ഥാനത്തിനും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനത്തിനുമായി വിട്ടു നൽകണമെന്ന സർക്കാരിന്റെ ആവശ്യം സർവകലാശാല തള്ളിക്കളഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | സർവകലാശാലയുടെ ഭാവിവികസന പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ സർവ്വകലാശാല വക ഭൂമി നഷ്ടപ്പെടുത്തുവാൻ പാടില്ലെന്ന് സെനറ്റ് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | സെനറ്റ്തീരുമാനം നിലനിൽക്കെ സയൻസ് പാർക്കിന്റെ നിർമ്മാണത്തിന് ഭൂമി വിട്ടു നൽകുവാൻ സിൻഡിക്കേറ്റ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എത്ര ഏക്കർ ഭൂമി വിട്ടു നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശം സെനറ്റ് തീരുമാനത്തിനും വികസനത്തിനും ഘടകവിരുദ്ധമല്ലേയെന്നും വ്യക്തമാക്കുമോ; | (ഡി) | (സി)-യിൽ നൽകിയിരിക്കുന്നു. |
| (ഇ) | നിലവിൽ ഒരേക്കർ ഭൂമിയുടെ മതിപ്പുവില എത്രയെന്ന് വ്യക്തമാക്കുമോ; | (ഇ) | ₹12,94,819/- (പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ) |
| (എഫ്) | യൂണിവേഴ്സിറ്റി വക ഭൂമി ഗ്രീൻഫീൽഡ് സ്റ്റേഡിയ നിർമ്മാണത്തിന് വിട്ടുകൊടുത്ത വകയിൽ എത്ര തുക പാട്ട കുടിശ്ശിയായി ലഭിക്കുവാനുണ്ടെന്നും പ്രസ്തുത തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ? | (എഫ്) | കുടിശ്ശികയിനത്തിൽ 70.53 കോടി രൂപ ലഭിക്കാനുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ